# സന്താന പരിപാലനം

## ചില പ്രവാചക വസ്വിയ്യത്തുകൾ

**ഗ്രന്ഥകർത്താവ്:** മുഹമ്മദ്ബ്നു ജമീൽ സൈനു
**ഗ്രന്ഥം:** كيف نربي أولادنا وما هو واجب الآباء والأبناء
**വിവർത്തനം:** സയ്യിദ് സഅ്ഫർ സ്വാദിഖ്

**عن ابن عباس رضي الله عنهما قال: كُنت خلْف رسول الله صلى الله عليه وسلم يوما فقالَ لي: يا غُـلام إنـي أعلمـك كلمات:**

അബ്ദുല്ലാബ്നു അബ്ബാസി(ﷺ)ൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു: പ്രവാചകന്റെ പിന്നിൽ യാത്ര ചെയ്ത് കൊണ്ടിരിക്കെ ഒരു ദിവസം പ്രവാചകൻ(ﷺ) എന്നോട് പറഞ്ഞു: "അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരാം.

1- **احفظ الله يحفظك**

"നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്."

നീ അല്ലാഹുവിന്റെ കൽപനകൾ ജീവിതത്തിൽ പകർത്തുകയും, വിരോധങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക, എങ്കിൽ അല്ലാഹു നിന്നെ ഇഹലോകത്തും പരലോകത്തും സംരക്ഷിക്കുന്നതാണ്

2- **احفظ الله تجِده تجاهك (أمامك)**

"നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്ക് അവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്"

അല്ലാഹുവിന്റെ നിയമങ്ങൾ നീ സൂക്ഷിക്കുക, അല്ലാഹുവിന് നൽകേണ്ട അവകാശങ്ങൾ നീ അവന് നൽകുക. എങ്കിൽ അല്ലാഹു നിന്നെ സഹായിക്കുകയും, അനുഗ്രഹിക്കുകയും ചെയ്യുന്നതാണ്.

3- إذَا سألت فَاسأل الله وإذَا استعنت فَاستعن بِالله

“നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക,”

ഇഹലോകത്തെയും പരലോകത്തെയും വല്ല കാര്യങ്ങളിലും സഹായം ആവശ്യമായാൽ നീ അല്ലാഹുവിനോട് സഹായം തേടുക, പ്രത്യേകിച്ച് അല്ലാഹുവിനല്ലാതെ മറ്റാർക്കും നൽകുവാൻ സാധിക്കാത്ത കാര്യങ്ങളിൽ. രോഗം സുഖപ്പെടുത്തുക, ഉപജീവനം നൽകുക പോലെയുള്ളവയെല്ലാം അല്ലാഹുവിനു മാത്രം ചെയ്യുവാൻ സാധിക്കുന്ന കാര്യമാകുന്നു.

4- واعلم أن الأمةَ لو اجتمعت على أنْ ينفَعوك بِشيءٍ لم ينفَعوك إلا بِشيءٍ قَد كَتبه الله لك ولو اجتمعوا على أنْ يضروك بِشيءٍ لم يضروك إلا بِشيءٍ قَد كَتبه الله عليك

“നീ മനസ്സിലാക്കുക: സമൂഹം ഒന്നടങ്കം ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ യാതൊരു ഉപകാരവും ചെയ്യാൻ അവർക്കു സാധിക്കുകയില്ല. അത്പോലെ നിനക്ക് വല്ല ഉപദ്രവവും വരുത്തുവാൻ വേണ്ടി അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ, അതായത് നന്മയും തിന്മയുമായ മുഴുവൻ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണെന്ന ഖദ്റിൽ വിശ്വസിക്കുക)

5- رفعت الأَقْلام وجفت الصحف (رواه الترمذي قَالَ هذَا حديثٌ حسن صحيح)

“പേനകൾ ഉയർത്തുകയും, പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു” (തിർമിദി).

കാരണങ്ങൾ സ്വീകരിച്ചു കൊണ്ട് അല്ലാഹുവിൽ ഭരമേൽപിക്കുകയാണ് വേണ്ടത്. കാരണം തിരുമേനി(ﷺ) ഒട്ടകത്തിൻെറ ഉടമസ്ഥനോട് പറയുന്നു:

( اعقلْها وتوكلْ ) (ترمذي)

“നീ അതിനെ കയറ് കൊണ്ട് ബന്ധിക്കുകയും അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക” (തിർമിദി)

6- تعرف إلى الله في الرخاءِ يعرفْك في الشدة

“ഐശ്വര്യമുള്ളയവസരത്തിൽ നീ അല്ലാഹുവിനെ ഓർത്താൽ വിഷമഘട്ടങ്ങളിൽ അല്ലാഹു നിന്നെയും ഓർക്കും.” അതായത് ഐശ്വര്യ സമയത്ത് അല്ലാഹുവിൻെറയും, ജനങ്ങളുടെയും അവകാശങ്ങൾ നീ നൽകുക, എങ്കിൽ വിഷമങ്ങളുള്ള സമയത്ത് നിനക്ക് രക്ഷ ലഭിക്കുന്നതാണ് എന്ന് സാരം.

7- **واعلم أن ما أخطأك لم يكن ليصيبك، وما أصابك لم يكن ليخطئك،**

"നീ മനസ്സിലാക്കുക, നിനക്ക് പിഴവ് പറ്റിയത് ശരിയാക്കാൻ കഴിയുമായിരുന്നില്ല. നിനക്ക് ശരി സംഭവിച്ചത് പിഴക്കുകയുമില്ലായിരുന്നു"

അല്ലാഹു നിനക്ക് വല്ലതും തടയുകയാണെങ്കിൽ അത് നിന്നിലേക്ക് ഒരിക്കലും എത്തുകയില്ല, അല്ലാഹു നിനക്ക് വല്ലതും നൽകിയാൽ അതിനെ ആരും തന്നെ തടയുകയുമില്ല

8- **واعلم أن النصر مع الصبر**

"അറിയുക, സഹായം ക്ഷമയോടൊപ്പമാകുന്നു"

ശത്രുക്കൾക്കെതിരിലും, ശരീരത്തിനെതിരിലുമുള്ള സഹായം ക്ഷമയുടെമേൽ നൽകപ്പെട്ടിരിക്കുന്നു

9- **وأن الفَرج مع الكَربِ**

"ആശ്വാസം പ്രയാസത്തോടൊപ്പമാണ് ലഭിക്കുക"

സത്യവിശ്വാസിക്ക് വല്ല ദു:ഖവും വന്നാൽ അതിനോടൊപ്പം അതിൽ നിന്നുള്ള രക്ഷയുമുണ്ടായിരിക്കും

10- **وأن مع العسر يسرا**

"എളുപ്പം പ്രയാസത്തോടൊപ്പമാണ് ഉണ്ടാവുക"

(**جامع الأصول** - ന്റെ കർത്താവ് ഇത് ഹസനാക്കിയിട്ടുണ്ട്)

(മുസ്‌ലിമിന് വന്ന് ഭവിക്കുന്ന പ്രയാസത്തോടൊപ്പം തന്നെ എളുപ്പവും വരുന്നതാണ്)

<u>ഹദീസിൽ നിന്നുള്ള പാഠങ്ങൾ</u>

1- തിരുമേനി(ﷺ) കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്നു, ഇബ്നു അബ്ബാസിനെ തന്റെ പിന്നിൽ ഇരുത്തിയതിന് ശേഷം 'അല്ലയോ കുട്ടി' എന്ന് അഭിസംബോധന ചെയ്തതിന് ശേഷം മഹത്തായ ആശയങ്ങൾ ഉൾകൊള്ളുന്ന ചില പദങ്ങൾ പഠിപ്പിച്ച് കൊടുക്കുകയാണ്.

2- അല്ലാഹുവിനെ അനുസരിക്കുവാനും, അവനെ ധിക്കരിക്കാതിരിക്കുവാനും കുട്ടികളോട് കൽപിച്ചിരുന്നു, അങ്ങിനെ അവർക്ക് ഇഹത്തിലും പരത്തിലും സൗഭാഗ്യം നേടാനാകുന്നതാണ്.

3- ഐശ്വര്യത്തിലും, ആരോഗ്യത്തിലും, സന്തോഷത്തിലും അല്ലാഹുവിനും, ജനങ്ങൾക്കും നൽകേണ്ട അവകാശങ്ങൾ നൽകിയാൽ അല്ലാഹു സത്യവിശ്വാസിയെ വിഷമ ഘട്ടത്തിൽ സഹായിക്കുന്നതാണ്.

4- അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട സഹായങ്ങളും, കാര്യങ്ങളും അവനോട് മാത്രം ചോദിക്കുകയെന്ന തൗഹീദിലധിഷ്ഠിതമായ വിശ്വാസം കുട്ടികളുടെ ഇളം മനസ്സിൽ തന്നെ ഊട്ടിയുറപ്പിക്കേണ്ടത് മാതാപിതാക്കളുടെയും, രക്ഷിതാക്കളുടെയും ബാധ്യതയാകുന്നു.

5- നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൻെറ വിധി നിർണ്ണയത്തിൽ പെട്ടതാണെന്നുള്ള വിശ്വാസം കുട്ടികളെ പഠിപ്പിക്കൽ അനിവാര്യമാണ്.

6- ഭാവി ജീവിതം പ്രതീക്ഷയോടെ, ആത്മധൈര്യത്തോടെ അഭിമുഖീകരിക്കുവാനും, തനിക്കും സമുദായത്തിനും ഉപകാരമുള്ളതുമാക്കി തീർക്കുവാനായി കുട്ടികളെ കർമനിരതരാക്കേണ്ടതുണ്ട്.

7- നബി(ﷺ) തൻെറ സമുദായത്തെ ക്ഷമ കൈകൊള്ളുവാൻ പഠിപ്പിക്കുന്നു. കാരണം ക്ഷമയെന്നത് സഹായം ലഭിക്കുവാനുള്ള മഹത്തരമായ ഒരു കാര്യമാകുന്നു.

8- പ്രയാസങ്ങളോടൊപ്പം എന്തായിരുന്നാലും മോചനമുണ്ടാകുമെന്ന് പ്രവാചകൻ(ﷺ) മാർഗ ദർശനം നടത്തുന്നു. പ്രത്യേകിച്ച് പ്രാർത്ഥന കൂടിയുണ്ടെങ്കിൽ.

9- സത്യവാനിൽ സത്യവാനായ തിരുമേനി(ﷺ) അറിയിക്കുകയാണ്, തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ടായിരിക്കുമെന്നത്.